LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിദേശരാജ്യങ്ങളിലെ തൊഴിൽ അവസരങ്ങൾ കണ്ടെത്തി അനുയോജ്യരായവരെ വിദേശ ജോലിക്കായി അയയ്ക്കുന്നതാണ് ഓവർസീസ് ഡവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രമോഷൻ കൺസൾട്ടന്റ് ലിമിറ്റഡിന്റെ (ഡൈപെക്) പ്രധാന പ്രവർത്തനം. ഇതിനുവേണ്ടി ഉദ്യോഗാർത്ഥികൾക്ക് ഡൈപെക്കിന്റെ ഡാറ്റാബാങ്കിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. വിദേശ തൊഴിൽദാതാവ് ആവശ്യപ്പെടുന്ന യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് സെലക്ഷനുവേണ്ടി അവർക്കു നൽകുന്നു. നിലവിൽ 25306 പേർ ഡൈപെക്കിന്റെ ഡാറ്റാബാങ്കിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതുകൂടാതെ 'ഐക്കാട്ട്' അംഗീകാരമുള്ള ട്രാവൽ ഡിവിഷൻ വഴി തദ്ദേശീയവും, അന്തർദേശീയവുമായ വിമാനയാത്രാടിക്കറ്റുകളുടെ വിതരണവും നടത്തി വരുന്നു.

(ബി) ഇപ്പോൾ തിരുവനന്തപുരത്തു മാത്രമാണ് ഓഫീസ് പ്രവർത്തിക്കുന്നത്.

(സി) കോഴിക്കോട് ഒരു ഓഫീസ് തുറക്കുന്ന കാര്യം പരിഗണനയിലുണ്ട്.

(ഡി) കഴിഞ്ഞ അഞ്ചുവർഷത്തിനകം 311 പേർക്ക് വിദേശത്തു തൊഴിൽ നേടിക്കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ഇ) സൗദി അറേബ്യ, ബഹറൈൻ, കുവൈറ്റ്, ഒമാൻ, മലേഷ്യ, ഖത്തർ, സിംഗപ്പൂർ, യു.എ.ഇ., യെമൻ, ശ്രീലങ്ക, ബ്രൂണൈ, സൈപ്രസ് എന്നീ രാജ്യങ്ങളിലേയ്ക്കാണ് ഉദ്യോഗാർത്ഥികളെ അയച്ചിട്ടുള്ളത്. 302 വിദഗ്ദ്ധ വിഭാഗത്തിൽപ്പെട്ടവരെയും 9 അവിദഗ്ദ്ധ വിഭാഗത്തിൽപ്പെട്ടവരെയുമാണ് അയച്ചിട്ടുള്ളത്.

(എഫ് & ജി) കൂടുതൽ വിദേശ തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിനു വേണ്ടി മദ്ധ്യപൂർവ്വ രാജ്യങ്ങൾ സന്ദർശിക്കുന്നകാര്യം പരിഗണിനയിലുണ്ട്. ന്യൂഡൽഹിയിലുള്ള വിവിധ രാജ്യങ്ങളുടെ അംബാസിഡർമാരെയും, ഹൈക്കമ്മീഷണർമാരെയും നേരിൽ കണ്ട് അതതു രാജ്യങ്ങളിലെ തൊഴിലവസരങ്ങൾ ഡൈപെക്കിന് ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ ശ്രമം തുടരുന്നുമുണ്ട്. വിദേശ രാജ്യങ്ങളിലെ ഇന്ത്യൻ സ്ഥാനപതികാര്യാലയങ്ങളിലേയ്ക്ക് ഡൈപെക്കിന്റെ പ്രവർത്തനത്തെക്കുറിച്ച് അവിടത്തെ തൊഴിൽ ദായകരെ അറിയിക്കുന്നതിനുവേണ്ടി വിവരങ്ങൾ അയച്ചുകൊടുക്കുന്നുണ്ട്. കൂടാതെ ഇന്റർനെറ്റ്, പത്രമാസികകൾ തുടങ്ങിയവയിലൂടെ ലഭിക്കുന്ന വിദേശ തൊഴിൽ ദായകരുടെ വിലാസത്തിൽ ഡൈപെക്കിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് കത്ത്മുഖേന അറിയിക്കുകയും റിക്രൂട്ട്മെന്റ് ഒഡെപെക് വഴി നടത്തുന്നതിന് അഭ്യർത്ഥിക്കുകയും ചെയ്യുന്നുണ്ട്.

ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നിന്ന് തസ്തിക മാറ്റം വഴിയുള്ള ഡ്രൈവർ നിയമനം

58 (4218) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നിന്ന് തസ്തികമാറ്റം വഴി ഡ്രൈവർ തസ്തികയിലേയ്ക്ക് മാറ്റം കിട്ടുന്നതിനുവേണ്ടി ഡ്രൈവിംഗ് ടെസ്റ്റ് പാസ്സായവരുടെ റാങ്ക്ലിസ്റ്റ് സംസ്ഥാനത്തെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിലവിലുണ്ടോ ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിലവിലുള്ള ഡ്രൈവർമാരുടെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനുവേണ്ടി വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും ഒഴിവുകൾ റിപ്പോർട്ട് ചെയ്യാറുണ്ടോ ;

(സി) ഇല്ലെങ്കിൽ എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിൽ നിന്ന് വകുപ്പ് മേധാവികൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്ക് ഡ്രൈവർ തസ്തികയുടെ ലിസ്റ്റ് നിലവിലുണ്ടെന്നും ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് മുൻകാലങ്ങളിൽ കത്ത് അയയ്ക്കാറുണ്ടായിരുന്നുവോ ;

(ഡി) ഇപ്പോൾ വകുപ്പുമേധാവികൾക്ക് കത്ത് അയയ്ക്കാറുണ്ടോ ;

(ഇ) ഇല്ലെങ്കിൽ കത്തുകൾ അയയ്ക്കുവാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ അറിയിക്കാതെ പി.എസ്.സി. ക്ക് നേരിട്ട് റിപ്പോർട്ട് ചെയ്യാറുണ്ടോ ;

(ജി) ഉണ്ടെങ്കിൽ അങ്ങനെ ചെയ്യുന്നത് നിലവിലുള്ള ചട്ടങ്ങൾക്ക് അനുസൃതമായിട്ടാണോ ;

(എച്ച്) അല്ലെങ്കിൽ വിവിധ വകുപ്പുമേധാവികൾക്ക് ഇതു സംബന്ധിച്ച് നിർദ്ദേശം കൊടുക്കുമോ ;

(ഐ) കോട്ടയം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ തസ്തികമാറ്റം വഴിയുള്ള ഡ്രൈവർമാരുടെ ലിസ്റ്റ് നിലവിലുണ്ടോ ;

(ജെ) നിലവിൽ ഏതെങ്കിലും ഡിപ്പാർട്ടുമെന്റിൽ നിന്നും ഒഴിവുകൾ റിപ്പോർട്ടു ചെയ്തിട്ടുണ്ടോ ;

(കെ) ഇല്ലെങ്കിൽ വിവിധ വകുപ്പു മേധാവികൾക്ക് ഒഴിവുകൾ റിപ്പോർട്ടു ചെയ്യുവാൻ ഗവൺമെന്റ് നിർദ്ദേശം നൽകുമോ ;

(എൽ) വിവിധ വകുപ്പുകളിൽ എംപ്ലോയ്മന്റിലുള്ള ഡ്രൈവർമാരുടെ ലിസ്റ്റിൽ നിന്നും നിയമിക്കാതെ ദിവസവേതനത്തിലും കരാർ അടിസ്ഥാനത്തിലും ഡ്രൈവർമാരെ നിയമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എം) ഉണ്ടെങ്കിൽ ഇങ്ങനെ നിയമിക്കുന്ന വകുപ്പു മേധാവികൾക്കെതിരെ കർശന നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) 'എ' യുടേയും 'ബി' യുടേയും മറുപടിയുടെ വെളിച്ചത്തിൽ ബാധകമല്ല.

(ഡി) ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലേയ്ക്ക് അറിയിക്കുന്നതുകൊണ്ട് കത്ത് അയയ്ക്കേണ്ടതായി വരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഉദിക്കുന്നില്ല.

(എഫ്) വിവരം ശേഖരിച്ച് ഉടനെ നല്കുന്നതാണ്.

(ജി) ഇല്ല.

(എച്ച്) ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലേയ്ക്ക് അറിയിക്കുന്നതുകൊണ്ട് നിർദ്ദേശം കൊടുക്കേണ്ടതായി വരുന്നില്ല.

(ഐ) ഉണ്ട്.

(ജെ) ഉണ്ട്.

(കെ) ഉദിക്കുന്നില്ല.

(എൽ) ഇല്ല.

(എം) ഉദിക്കുന്നില്ല.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള അഷ്വറൻസ് കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കൽ

59 (4219) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴിക്കാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ ;

(ബി) ഇതു സംബന്ധിച്ച് നിയമസഭയുടെ ഏഷ്വറൻസ് കമ്മിറ്റി പ്രത്യേക റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(സി) റിപ്പോർട്ടിലെ ശുപാർശകളിൽ ഏതെങ്കിലും നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ ?

(ഡി) ഇല്ലെങ്കിൽ റിപ്പോർട്ടിലെ പ്രായോഗിക നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള ഈ വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണം ഘട്ടം ഘട്ടമായി നടപ്പിലാക്കിവരുന്നു. ഇതു സംബന്ധിച്ച പ്രവർത്തനങ്ങൾ 50% പൂർത്തിയായികഴിഞ്ഞു.

(ബി) ഉണ്ട്.

(സി) ഉണ്ട്. ശുപാർശ നമ്പർ ഒഴികെ എന്തെല്ലാംതന്നെ നടപ്പിലാക്കി കഴിഞ്ഞു. ശുപാർശ നമ്പർ 5-ൽ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) റിപ്പോർട്ടിലെ എല്ലാ നിർദ്ദേശങ്ങളിന്മേലും നടപടി സ്വീകരിച്ചു കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly